## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ 21.01.2014-ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ: 1802

### മറ്റത്തൂർ ഗ്രാമപഞ്ചായത്ത് വിഭജനം

| ചോദ്യം | മറുപടി |
| --- | --- |
| പ്രൊഫ.സി.രവീന്ദ്രനാഥ് | ഡോ.എം.കെ.മുനീർ<br>(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ മന്ത്രി) |
| എ) മറ്റത്തൂർ ഗ്രാമപഞ്ചായത്ത് ഭരണപരമായ സൌകര്യത്തിന് വേണ്ടി വിഭജിക്കണം എന്ന കോടതി നിർദ്ദേശം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;<br>ബി) എങ്കിൽ, സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;<br>സി) ഇതുവരെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ലെങ്കിൽ തുടർനടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകുമോ? | എ), ബി) & സി) ഉണ്ട്.<br>1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 4(2) പ്രകാരം സർക്കാരിന് ബന്ധപ്പെട്ട പഞ്ചായത്ത് ആവശ്യപ്പെട്ടതിന്മേലോ പഞ്ചായത്തുമായി ആലോചിച്ച ശേഷമോ നിർദ്ദേശം വിജ്ഞാപനം വഴി മുൻകൂട്ടി പ്രസിദ്ധീകരിച്ചതിനുശേഷം (എ) ഏതെങ്കിലും ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തിൽ ഏതെങ്കിലും ഗ്രാമമോ, ഗ്രാമങ്ങളുടെ കൂട്ടമോ ഉൾപ്പെടുത്തിക്കൊണ്ട് ആ ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശം വിപുലപ്പെടുത്തുകയോ (ബി) ഏതെങ്കിലും ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തിൽ നിന്ന് ഏതെങ്കിലും ഗ്രാമത്തേയോ, ഗ്രാമങ്ങളുടെ കൂട്ടത്തെയോ ഒഴിവാക്കിക്കൊണ്ട് ആ ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശം കുറയ്ക്കുകയോ ചെയ്യാവുന്നതാണ്. എന്നാൽ ഇപ്രകാരമുള്ള ഏതൊരു മാറ്റവും ആ പഞ്ചായത്തിന്റെ നിലവിലുള്ള സമിതിയുടെ കാലാവധി തീരുന്ന മുറയ്ക്കല്ലാതെ പ്രാബല്യത്തിൽ വരുത്താൻ പാടുള്ളതല്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മറ്റത്തൂർ ഗ്രാമപഞ്ചായത്തിന്റെ നിലവിലെ ഭരണസമിതിയുടെ കാലാവധി കഴിഞ്ഞിട്ടില്ലാത്തതിനാൽ ഈ ആവശ്യം പരിഗണിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ